**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3971** **15-07-2022 - ൽ മറുപടിയ്ക്ക്**

**റേഷൻ കാർഡ് സമയബന്ധിത വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ** | | **ശ്രീ ജി ആർ അനിൽ**<br>**(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | റേഷൻ കാർഡ് സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | അക്ഷയസെന്ററുകൾ/സിറ്റിസൺ ലോഗിൻ മുഖേന പുതിയ റേഷൻകാർഡിനുള്ള അപേക്ഷ ലഭ്യമാകുമ്പോൾ ആയതു താലൂക്ക് സപ്ലൈ/സിറ്റ റേഷനിംഗ് ഓഫീസ് തലത്തിൽ പരിശോധന നടത്തി പൊതുവിഭാഗം നോൺസബ്സിഡി കാർഡുകളാണെങ്കിൽ 24 മണിക്കൂറിനകം നൽകുന്നു. കൂടാതെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ട അപേക്ഷകൾ മാനദണ്ഡങ്ങ പാലിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ അന്വേഷണം നടത്തി കാലതാമസം കൂടാതെ അർഹരായവർക്ക് മുൻഗണനാ കാർഡ് നൽക വരുന്നു. ഈ സർക്കാരിന്റെ കാലയളവിൽ റേഷൻകാർഡ് ഇ-സർവ്വീസ് സംബന്ധമായി ലഭിച്ച ആകെ 25,44,584 ഓൺലൈൻ അപേക്ഷകളിൽ 25,22,033 അപേക്ഷകൾ തീർപ്പാക്കി. ഇതു വരെ 17,265 കാർഡുകൾ എ.എ.വൈ വിഭാഗത്തിലേക്കും 1,35,947 കാർഡുകൾ പി.എച്ച്.എച്ച് വിഭാഗത്തിലേക്കും മാറ്റി അനുവദിച്ചിട്ടുണ്ട്. ഇതുവരെ ആകെ 229680 പുതിയ കാർഡുകൾ അനുവദിച്ചിട്ടുണ്ട്. |
| (ബി) | അനർഹർ കൈവശം വെച്ചുവരുന്ന മുൻഗണനാ റേഷൻ കാർഡുകൾ തിരികെ ലഭ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ബി) | 15/07/2021 വരെ അനർഹമായി കൈവശം വച്ചിരുന്ന മുൻഗണനാ കാർഡുകൾ പിഴ കൂടാതെ സറണ്ടർ ചെയ്യുന്നതിന് അവസരം നൽകിയതിന്റെ അടിസ്ഥാനത്തിലും പരിശോധനകളിലൂടെയും പരാതികളിന്മേലുള്ള നടപടികളിലൂടെയും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 30/04/2022 വരെ 1,72,312(എ.എ.വൈ - 14701+പി.എച്ച്.എച്ച് - 90798, എൻ.പി.എസ്-66813) കാർഡുകൾ മുൻഗണനേതര വിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | അനർഹമായ മുൻഗണനാ കാർഡുകൾ തിരിച്ചേൽപ്പിക്കാൻ തയ്യാറാകാത്തവർ ക്കെതിരെ പിഴയായി, മുൻഗണനാ കാർഡ് കൈവശം വച്ച് റേഷൻ സാധനങ്ങൾ കൈപ്പറ്റിയ കാലം കണക്കാക്കി റേഷൻ സാധനങ്ങളുടെ കമ്പോള വില ഈടാക്കുന്നുണ്ട്.<br><br>സ്വമേധയാ കാർഡ് തിരിച്ചേൽപ്പിക്കാൻ തയ്യാറാകാത്ത അനർഹരെ കണ്ടെത്തി ഒഴിവാക്കുന്നതിനായി സ്വീകരിച്ചിരിക്കുന്ന നടപടികൾ ചുവടെ പറയുന്നവയാണ്.<br><br>1. തദ്ദേശ സ്വയം ഭരണം, മോട്ടോർ വെഹിക്കിൾ എന്നീ വകുപ്പുകളുടെ ഡേറ്റയുമായി ആർ.സി.എം.എസ് ഡേറ്റാ മാപ്പിംഗ് നടത്തുന്നു.<br><br>2. മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ചുള്ള പരിശോധന.<br><br>3. ആധാർ ലിങ്ക് ചെയ്യാത്ത മുൻഗണനാ കാർഡുകളുടെ പരിശോധന.<br><br>4. ഒരംഗം മാത്രമുള്ള മുൻഗണനാ കാർഡുകളുടെ പരിശോധന.<br><br>5. തുടർച്ചയായി മൂന്നു മാസം റേഷൻ സാധനങ്ങൾ വാങ്ങാത്ത മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തൽ.<br><br>6. മുൻഗണനാ വിഭാഗത്തിലെ കൂടുതൽ അനർഹരെ കണ്ടെത്തുന്നതിലേക്കായി **Operation Yellow** എന്ന പേരിൽ ഒരു പരിപാടി ആവിഷ്കരിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. ടി പരിപാടി നടപ്പിൽ വരുമ്പോൾ പൊതുജനങ്ങൾക്ക് അനർഹമായി മുൻഗണനാ റേഷൻ കാർഡുകൾ കൈവശം വയ്ക്കുന്നവരുടെ പേരുവിവരങ്ങൾ സർക്കാരിൽ അറിയിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ